# SAMPLE QUESTION PAPER FOR SUMMATIVE ASSESSMENT

**SecondTerm - 2010 - 2011**

## MALAYALAM

**Class : X** | **Time : 3 Hrs.**

**Code : 012** | **Marks : 80**

## SECTION - A / A - വിഭാഗം 8 Marks

**I.** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ആർഷഭാരത സംസ്കാരം ഈ ലോകത്തിന് നൽകിയ ഏറ്റവും വലിയ സംഭാവനയാണ് വേദങ്ങൾ. ഋഗ്വേദം, യജ്ജുർവേദം, സാമവേദം, അഥർവ്വവേദം ഇവയാണല്ലോ നാലുവേദങ്ങൾ. ഓരോ വേദത്തിനും സംഹിത എന്നും ബ്രാഹ്മണം എന്നും പേരുള്ള ഓരോ ഭാഗങ്ങൾ ഉണ്ട്. ബ്രാഹ്മണങ്ങളുടെ അനുബന്ധങ്ങൾ ആരണ്യകങ്ങൾ എന്ന പേരിലും ഉപനിഷത്തുകൾ എന്ന പേരിലും അറിയപ്പെടുന്നു. ഇവയെല്ലാം വേദങ്ങളുടെ വ്യാഖ്യാനങ്ങൾ തന്നെയാണ്. ഉപനിഷത്തുക്കളെ വേദാന്തം എന്നും പറയാറുണ്ട്. കാരണം, അവ തന്നെയാണ് വേദത്തിന്റെ അന്തം. മന്ത്രങ്ങളും ബ്രാഹ്മണങ്ങളും മനുഷ്യ രചനയല്ലെന്നും മനുഷ്യരാശിയുടെ സർവതോന്മുഖമായ പുരോഗതിക്കുവേണ്ടി ഈശ്വരൻ വെളിപ്പെടുത്തിയിട്ടുള്ളതാണെന്നും ഭാരതീയർ വിശ്വസിക്കുന്നു.

1. നാലു വേദങ്ങൾ ഏവ ? **2**
2. വേദങ്ങളുടെ അനുബന്ധമായ മറ്റ് ഗ്രന്ഥങ്ങൾ ഏവ ? **2**
3. ഉപനിഷത്തുക്കളെ വേദാന്തം എന്നു വിളിക്കാൻ കാരണമെന്ത് ? **2**
4. വേദങ്ങളെ ആസ്പദമാക്കിയുള്ള ഭാരതീയരുടെ വിശ്വാസമെന്ത് ? **2**

## SECTION - B / B - വിഭാഗം 14 Marks

**II. 1) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. : 7**

a) വിദ്യാർത്ഥികളും അച്ചടക്കവും.

b) സ്ത്രീ സംവരണത്തിന്റെ ആവശ്യകത

c) വന സംരക്ഷണം

**2) പത്രങ്ങളുടെ ജനസേവന പ്രവർത്തനങ്ങളെ അനുമോദിച്ചുകൊണ്ട് പത്രാധിപർക്ക് ഒരു കത്തെഴുതുക.** **7**

## SECTION - C / C - വിഭാഗം 18 Marks

**III. 1) പ്രയോഗം മാറ്റുക. :** **1**

മതഗുരുക്കന്മാർ പ്രമാണമാക്കുന്ന ഗ്രന്ഥങ്ങളിൽ ധർമ്മ വിരുദ്ധമായ ഉപദേശങ്ങൾ വരാതിരിക്കാൻ സൂക്ഷിക്കേണ്ടതാണ്.

**2) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധ വാക്യമാക്കി മാറ്റുക :** **1**

ആ വാദപ്രതിവാദം പെൺകുട്ടിയുടെ ശ്രദ്ധയെ ആകർഷിച്ചു.

**3) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക :** **1**

വാഹനങ്ങളിൽനിന്നും ഒഴിഞ്ഞൊഴിഞ്ഞ് അയാൾ റിക്ഷയുംകൊണ്ട് ഓടുന്നു.

4) **അന്വാഖ്യാന രൂപത്തിലാക്കുക :** **1**

നിറഞ്ഞ സഹതാപത്തോടെ പപ്പു ലക്ഷ്മിയോട് ചോദിച്ചു - "നീയിന്ന് വല്ലതും കഴിച്ചോ"

5) **പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക :** **2**

a) ചൊല്ലേറും

b) സ്ഥായിയായ

6) **വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക :** **2**

a) ഇച്ഛാഭംഗം

b) വിശ്വേശ്വരൻ

7) **a. പര്യായ പദങ്ങൾ എടുത്തെഴുതുക.**

1. വഴി **1**

(കല്പം, അയനം, വസു, വീഥി)

2. ഉല്പലം **1**

(കരിങ്കൂവളം, ആലില, ബിസമുള, ഇന്ദീവരം)

**b. നാനാർത്ഥപദങ്ങൾ എടുത്തെഴുതുക :**

1. സൂത്രം **1**

(മന്ത്രം, ചരട്, സമം, ഉപായം)

2. ഓട **1**

(ഒരുമരം, അവസാനം, പുഴ, ചാല്)

**c. വിപരീത പദമെഴുതുക :**

1. ഏകം **1**

(നവം, അൽപം, അനേകം, അഘം)

2. ഊഷ്മളം **1**

(വിരളം, ശീതളം, ലളിതം, ഗരളം)

**d. പദങ്ങളുടെ അർത്ഥവ്യത്യാസം എടുത്തെഴുതുക :** **2**

1. സന്ദേശം - സന്ദേഹം

(ശ്രവണം, സംശയം, ദൂത്, മനോരമം, സ്നേഹം, ശ്രദ്ധ)

2. ഭൂഷണം - ദൂഷണം

(അലങ്കാരം, കീർത്തനം, ഭാവുകം, ദുഷിപ്പിക്കൽ, വസനം, സ്ഥിതി)

**e. എതിർലിംഗ പദം എടുത്തെഴുതുക. :**

1. യാത്രികൻ **1**

(യാത്രകി, യാത്രിക, യാത്രി, യാത്ര)

2. വിദ്വാൻ **1**

(വിദഗ്ധ, വിദ്യാർത്ഥി, വിദുഷി, വിദ്യ)

## <u>SECTION - D</u> / D - വിഭാഗം **40 Marks**

IV. 1) **ശരിയായ ഉത്തരം എടുത്തെഴുതുക. :** **$8 \times \frac{1}{2} = 4$**

a) കേരളത്തെ മുഴുവൻ ഉന്നമിപ്പിക്കാൻ കെൽപ്പുള്ള ദിവ്യപുരുഷൻ തന്നെയാണദ്ദേഹം - ആര് ?

(വൈക്കം മുഹമ്മദ് ബഷീർ, ചെറുശ്ശേരി, കുമാരനാശാൻ, ശ്രീനാരായണ ഗുരു)

b) "കരയാൻ പ്രേരിപ്പിക്കുന്നു എന്നതല്ല ആ പുസ്തകത്തിന്റെ യോഗ്യത" - ഏതു പുസ്തകത്തിന്റെ ?

(മതിലുകൾ, ശബ്ദങ്ങൾ, ബാല്യകാല സഖി, പാത്തുമ്മയുടെ ആട്)

c) “അയാളുടെ പ്രാപ്തിയെ ചോദ്യം ചെയ്യുന്നത് അയാൾക്ക് സഹിക്കാവുന്നതല്ല” ആർക്ക്?
(മജീദിന്, പപ്പുവിന്, പരീക്കുട്ടിക്ക്, ഖാദറിന്)

d) ശാശ്വതമായ മനുഷ്യത്വത്തിന്റെ പ്രഖ്യാപനമായ സന്ദേശമേത് ?
(മദ്യം വിഷമാണ്, സ്നേഹമാണഖിലസാരമൂഴിയിൽ, ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്, മനുഷ്യാണാം മനുഷ്യത്വം)

e) ശ്രീരാമൻ കുലച്ച വില്ലിന്റെ പേരെന്ത് ?
(ഗാണ്ഡീവം, പള്ളി വില്ല്, ത്രയംബകം, കോദണ്ഡം)

f) “ഇരുളു പുതച്ചരുളുന്നു” - ആര് ?
(വഴിവെട്ടുന്നവർ, വനവില്ലികൾ, കാളി, നെടുനെട്ടനരക്കൻ)

g) കാർട്ടൂൺ കവിതയുടെ പേര് തെരഞ്ഞെടുത്തെഴുതുക.
(പന്തങ്ങൾ, ഉപ്പ്, രമണൻ, വായന)

h) ആരുടെ വില്ലിനെയാണ് ശ്രീരാമൻ വന്ദിച്ചത് ?
(ജനകൻ, മഹാവിഷ്ണു, ചന്ദ്രശേഖരൻ, ബ്രഹ്മാവ്)

**2) ഉത്തരമെഴുതുക. :**

a) ജീവിതത്തിലെ ദയനീയങ്ങളായ വിപര്യായങ്ങളാണ് ബാല്യകാല സഖിയിലെ പ്രതിപാദ്യ വസ്തുവെന്ന് എം. പി. പോൾ സമർത്ഥിക്കുന്നതെങ്ങനെ ? **3**

b) ഏകമത സിദ്ധാന്തത്തിന്റെ ആവശ്യകത ശ്രീനാരായണ ഗുരു വെളിപ്പെടുത്തുന്നത് എങ്ങനെ ? **3**

c) പാപ്പു സ്തബ്ധനായി നിന്നു പോയത് എന്തുകൊണ്ട് ? **3**

d) “മദ്യം വിഷമാണ്...” എന്ന സന്ദേശത്തിന് ആചാരമേഖലയിലുള്ളതിനേക്കാൾ പ്രസക്തി മാനസിക മേഖലയിലാണെന്നു പറയാൻ കാരണമെന്ത് ? **3**

**3) a.** ശ്രീരാമൻ വില്ലു കുലച്ചപ്പോൾ ജനങ്ങൾക്കും ദേവഗണങ്ങൾക്കും ഉണ്ടായ ഭാവവ്യത്യാസമെന്താണ് ? **3**

b) പുതുവഴി വെട്ടുന്നവർ എങ്ങനെയാണ് സ്വീകരിക്കപ്പെടുന്നത് ? **3**

c) കവി വായിച്ച ചെറു കഥയിൽ വായനയില്ലാതായില്ല എന്നെഴുതിയിരിക്കുന്നു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? **3**

d) “എല്ലാമാമാകുന്നതു ചെയ്താലും മടിക്കേണ്ട കല്യാണമിതു മൂലം വന്നുകൂടീടുമല്ലോ.” - സന്ദർഭവും അലങ്കാരവും വ്യക്തമാക്കുക. **3**

**4) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഒന്നര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 2 × 6=12**

a) “മൃതസഞ്ജീവനി” എന്ന ശീർഷകം ഈ കഥയ്ക്ക് എത്രമാത്രം അനുയോജ്യമാണ് എന്ന് പരിശോധിക്കുക.

b) ഹരിപ്രിയ മരണത്തെ അതിജീവിച്ചതെങ്ങനെ ?

c) പ്രകൃതിയിലെ ഔഷധങ്ങളുടെ അനന്ത സാധ്യതകളെക്കുറിച്ച് മുത്താമ അപ്പുവിന് നൽകിയ അറിവുകൾ എന്തെല്ലാം ?